ശ്രീ. ഇടിക്കുള : ഈ രാജ്യത്തു് അരക്ഷിതാവസ്ഥയുണ്ടെന്നു് പ്രതിപക്ഷത്തു നിന്നും കൊണ്ടുവന്നിട്ടുള്ള ആരോപണം ശരിയാണെന്നുള്ളതിനു് തെളിവല്ലേ ഈ സംഭവം ?

Mr. Speaker : That need not be answered.

റെയർ എർത്തു ഫാക്ടറി.

* 1459. [18] ശ്രീ. എ. കണ്ണക്കുട്ടൻ : താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഡ്യാഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആലുവായിൽ നടന്നുവന്ന 'റെയർ എർത്തു ഫാക്ടറി' അടച്ചുപൂട്ടിയ കാരണം എന്തു തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): 180 ഫാക്ടറി തൊഴിലാളികൾക്കു് 1959 ഏപ്രിൽ മൂന്നാം തീയതിമുതൽ ജോലി ഇല്ലാതായിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ : ഈ വ്യവസായത്തിൽ, കേരളാ ഗവണ്മെന്റിനു് എന്തെങ്കിലും നിയന്ത്രണമുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേരള ഗവണ്മെന്റിനു് 36 ലക്ഷം രൂപയുടെ ഷെയർ ഉണ്ടു് ; ഡയറക്ടർ ബോർഡിൽ രണ്ടു അംഗങ്ങൾ കേരള ഗവണ്മെന്റിന്റെ പ്രതിനിധികളാണു്.

ശ്രീ. ടി. ഒ. ബാവാ : 36 ലക്ഷം രൂപയുടെ ഷെയർ ഈ ഗവണ്മെന്റിനുള്ള സ്ഥിതിക്കു് അതു പൂട്ടിയിട്ടിരിക്കുന്നതു് ശരിയല്ലെന്ന കാര്യം പരിഗണിച്ചു് അതു പുനരാലോചന ചെയ്യുന്നതിനു് ഗവണ്മെന്റു് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേന്ദ്രഗവണ്മെന്റും അറ്റാമിക് എനർജി കമ്മിഷനുമായി അന്വേഷണം നടത്തി .....

മി. സ്പീക്കർ : ഇതിനെപ്പറ്റി മിനിയാന്നു് വളരെ ഡീറ്റെയിൽഡായിട്ടു പറഞ്ഞിട്ടുണ്ടു്.

Committees constituted by this Government.

* 1460. [19] **Shri K. Chandrasekharan**: Will the Chief Minister be pleased to state :

(*a*) the number of State Committees, District Committees and Taluk Committees so far constituted by this Government;

(*b*) the amount so far expended on them by way of T. A. D. A. etc., and

(*c*) if the figures up till date are not available, would the Chief Minister be pleased to give the figures for the above up till the date of a similar question put by this member during the last Budget meeting and when the Chief Minister had replied that particulars are being collected ?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (**Shri E. M. S. Namboodiripad**) :

(*a*) State Committees 113
District Committees 91
and Taluk Committees 165

(*b*) Rs. 4,68,358·99.

(*c*) The figures are up to the date of previous question put by the Member.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സ്റ്റോറു ലവലിലും, താലൂക്ക ലവലിലും പ്രത്യേകം എത്രയെന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: താലൂക്ക കമ്മിറ്റികൾക്ക ഡി. എ. നൽകുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീമതി കുസുമം ജോസഫ് : സ്റ്റോറു ഒട്ടാകെ 113 കമ്മിറ്റികൾ ഉണ്ടെന്നു പറഞ്ഞു, ഡിസ്ട്രിക്റ്റു ലവലിലും, താലൂക്ക ലവലിലുമുള്ള കമ്മിറ്റികളുടെ കണക്ക ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമില്ലേ ?

ശ്രീ. സി. അച്യുതമേനോൻ : സ്റ്റോറിൽ ഫങ്ഷൻ ചെയ്യുന്ന കമ്മിറ്റികളുടെ കണക്കാണു പറഞ്ഞതു്.

ശ്രീമതി കുസുമം ജോസഫ് : പഞ്ചായത്തു ഡിലിമിറ്റേഷൻ കമ്മിറ്റിയും ഈ കണക്കിൽ ഉൾപ്പെട്ടുമോ ? അതുൾപ്പെടെ സ്റ്റോറിൽ ഒട്ടാകെ 113-ൽ കൂടുതൽ കമ്മിറ്റികൾ വരുമെന്നുള്ള സംഗതി ഗവണ്മെന്റിനു് അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇതിൽ കാണുന്ന കണക്കാണു് ഞാൻ പറഞ്ഞതു്.

ശ്രീ കെ. എം. ജോർജ്ജു് : താലൂക്ക ലവലിൽ ഉള്ള വനം കമ്മിറ്റി, വിജിലൻസു് കമ്മിറ്റി, ഫണ്ഡു് അലൈഡ്സർവീസ് കമ്മിറ്റി ഇതെല്ലാം ഇതിൽ ഉൾപ്പെട്ടുമോ ?

ശ്രീ. സി. അച്യുതമേനോൻ വനം കമ്മിറ്റിയുണ്ടു്: ; വിജിലൻസു കമ്മിറ്റിയും, ഫണ്ഡു് അലൈഡ്സർവീസ് കമ്മിറ്റിയും ഇല്ല.

ശ്രീ. കെ. എം. ജോർജ്ജു് : അതെല്ലാം ഉൾപ്പെടാതെയാണോ 113 കമ്മിറ്റികൾ ഉണ്ടെന്നു പറഞ്ഞതു് ?

ശ്രീ. സി. അച്യുതമേനോൻ : അതേ.

റയാൺ പാർപ്പിഫാക്ടറിയും ബർമായുടെ പുതിയ പ്രസ്താവനയും.

* 1461. [20] ശ്രീ. കെ. സി. ഏബ്രഹാം . താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന റയാൺ പാർപ്പു ഫാക്ടറിക്കു് ആവശ്യമായ മുള, നിലമ്പൂർ വനങ്ങളിൽ നിന്നും ലഭിക്കുമോ എന്നുള്ള അന്വേഷണത്തിന്റെ ഫലം ലഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly